കേരള സർക്കാർ

# പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്

പള്ളിമുക്ക്, പേട്ട പി.ഒ, തിരുവനന്തപുരം 695 024

ഫോൺ +91471_2742264 (ഓഫീസ്); 914712742554 (ഫാക്സ്)

*e-mail: environmentdirectorate@gmail.com web: www.envt.kerala.gov.in*

**നമ്പർ : ഡി.ഒ.ഇ.സി.സി/ഇ1/1273/2018** **തീയതി. 22 /05/2018**

പേക്ഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

ഫാക്കൽറ്റി ഇൻ ചാർജ്
ഭൂമിത്ര സേന ക്ലബ്ബ്

സർ,

വിഷയം:- ഡി.ഒ.ഇ.സി.സി.–ലോക പരിസ്ഥിതി ദിനാചരണം 2018-സംബന്ധിച്ച്.

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ലോക പരിസ്ഥിതി ദിനമായ ജൂൺ 5 സമുചിതമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരം ഓഡിറ്റോറിയത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിക്കുന്നതാണ്. ബഹു.വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിക്കുന്ന പ്രസ്തുത ചടങ്ങിൽ ബഹു.വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. എം.എം. മണി മുഖ്യ പ്രഭാഷണം നടത്തുന്നതായിരിക്കും. അന്നേ ദിവസം രാവിലെ 8.00 മണിയ്ക്ക് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച് കനകക്കുന്ന് വരെ ഒരു ഹരിത റാലി ഉണ്ടായിരിക്കുന്നതാണ്.തുടർന്ന് രജിസ്ട്രേഷനും, പോസ്റ്റർ പ്രദർശന മത്സരവും, പ്ലാസ്റ്റിക് മലിനീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശാസ്ത്രപ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. ആകയാൽ സംസ്ഥാനത്തെ എല്ലാ ഭൂമിത്ര സേന ക്ലബ്ബുകളിൽ നിന്നും കോർഡിനേറ്റർക്കും മൂന്ന് മെമ്പർമാർക്കും പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്നവരുടെ പേരും, ബന്ധപ്പെടേണ്ട ഫോൺ നമ്പരും ഉൾപ്പെടെയുള്ള വിവരം 2018 മെയ് 30 നു മുമ്പായി **bmc.doecc@gmail.com** *എന്ന* ഇ-മെയിൽ അഡ്രസ്സിൽ അറിയിക്കേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാപേർക്കും Participation certificate നൽകുന്നതായിരിക്കും. യാത്രാ ചെലവ് ഭൂമിത്ര സേന ക്ലബ്ബുകളുടെ ഫണ്ടിൽ നിന്നും ഈടാക്കാവുന്നതാണ്. പോസ്റ്റർ പ്രദർശനത്തിനുള്ള നിബന്ധനകൾ ഇതോടൊപ്പം ചേർക്കുന്നു. തിരഞ്ഞെടുക്കുന്ന മികച്ച പോസ്റ്ററുകൾക്ക് സമ്മാനങ്ങളും ഉണ്ടായിരിക്കും.

വിശ്വസ്തതയോടെ,

എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ
ഡയറക്ടർക്ക് വേണ്ടി